# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.140 | 11.08.2017-ൽ മറുപടിയ്ക്ക് |
|---|---|

**ജൈവമാലിന്യം സംസ്കരിക്കുന്നതിന് നടപടി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.ടി.വി.ഇബ്രാഹിം<br>ശ്രീ.കെ.എം.ഷാജി | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
| (എ) | നഗരങ്ങളിലെ വൻകിട ഹോട്ടലുകൾ, സ്ഥാപനങ്ങൾ, കശാപ്പുശാലകൾ എന്നിവിടങ്ങളിൽ നിന്നുള്ള ജൈവമാലിന്യം ശേഖരിച്ച് സംസ്കരിക്കാത്തതുമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇത്തരത്തിലുള്ള മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നതിനായി പ്രത്യേക പദ്ധതി എന്തെങ്കിലും നിലവിലുണ്ടോ; വിശദമാക്കുമോ; | (ബി) | ഇല്ല.<br>2012-ലെ കേരള മുനിസിപ്പാലിറ്റി ഭേദഗതി ആക്റ്റിലും, കേന്ദ്ര പരിസ്ഥിതി, വനവും കാലാവസ്ഥവ്യതിയാനവും വകുപ്പ് പുറപ്പെടുവിച്ചിട്ടുളള സോളിഡ് വേസ്റ്റ് റൂൾ 2016-ലും ഇത്തരം സ്ഥലങ്ങളിൽ ഉണ്ടാകുന്ന ജൈവമാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കേണ്ടത് അവരവരുടെ തന്നെ ഉത്തരവാദിത്തമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതിനനുസൃതമായി ജൈവമാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നത് കർശനമാക്കുന്നതിനായി 22-07-2017-ലെ സ.ഉ (സാധാ) നമ്പർ 2511/2017/തസ്വഭവ പ്രകാരം ഉത്തരവായിട്ടുണ്ട്. എന്നാൽ ഫീൽഡ് തലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഹരിത കർമ്മസേനയെ നിയമിക്കാനുള്ള അനുവാദം 15.07.2017-ലെ സർക്കാർ ഉത്തരവ് നമ്പർ. 2420/2017/തസ്വഭവ പ്രകാരം നൽകിയിട്ടുണ്ട്. ടി ഉത്തരവിൽ തന്നെ സ്ഥലക്കുറവോ, പരിപാലന സൗകര്യക്കുറവോ ഉള്ള സ്ഥാപനങ്ങളിൽ നിന്ന് ഹരിത കർമ്മസേന ദൈനംദിന ജൈവമാലിന്യം ശേഖരിച്ച് പൊതുസംവിധാനത്തിൽ എത്തിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| (സി) | ഉറവിട മാലിന്യസംസ്കരണ സംരംഭം ഫലപ്രദമാകാത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ? | (സി) | പൊതുജനങ്ങൾക്ക് ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങളെ സംബന്ധിച്ച് കൃത്യമായ അറിവില്ലാത്തതാണ് ഇത് ഫലപ്രദമാകാത്തതിന്റെ പ്രധാന കാരണം. |

സെക്ഷൻ ഓഫീസർ